I ഇ.ബി. XV - കേരള നിയമസഭ/II-12

# പതിനഞ്ചാം കേരള നിയമസഭ

രണ്ടാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2021 ആഗസ്റ്റ് 6, വെള്ളി

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് പ്രത്യേകം പ്രത്യേകം ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

## I. അനുമോദനം

ഒളിംപിക്സ് മെഡൽ ജേതാക്കൾക്ക് അഭിനന്ദനം

മി. സ്പീക്കർ: ടോക്കിയോ ഒളിംപിക്സിൽ പുരുഷ വിഭാഗം ഹോക്കി മത്സരത്തിൽ വെങ്കലമെഡൽ നേടിയ ഇന്ത്യൻ ടീമിനേയും ഗോൾ കീപ്പർ ശ്രീജേഷിനേയും വനിതാ വിഭാഗം ഹോക്കിയിൽ പങ്കെടുത്തവരേയും പുരുഷ

വിഭാഗം ഫ്രീസ്റ്റൈൽ ഗുസ്തി മത്സരത്തിൽ വെള്ളി മെഡൽ നേടിയ ശ്രീ. രവികുമാർ ദഹിയേയും 69 കിലോ വനിതാ വിഭാഗം ബോക്സിംഗിൽ വെങ്കല മെഡൽ നേടിയ കുമാരി ലൗലീന ബോർഗോഹൈനിനേയും കേരള നിയമസഭ അഭിനന്ദിക്കുന്നു.

## II അടിയന്തരപ്രമേയം

അശാസ്ത്രീയ ലോക്ക്ഡൗൺ നിയന്ത്രണം

മി. സ്പീക്കർ: കോവിഡ് വ്യാപനം തടയുന്നതിനായി ഏർപ്പെടുത്തിയിട്ടുള്ള ലോക്ക്ഡൗൺ നിയന്ത്രണങ്ങളും അതിന്റെ മറവിൽ പിഴ ഈടാക്കുന്നതുംമൂലം ജനങ്ങൾക്കുളവായിട്ടുള്ളതായി പറയപ്പെടുന്ന ആശങ്ക സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. ബാബു (തൃപ്പൂണിത്തുറ), കെ.പി.എ.മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): കോവിഡ് വ്യാപനം നിയന്ത്രിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. സംസ്ഥാനത്ത് രോഗികളുടെ എണ്ണം ഇരട്ടിയിലധികമാകാൻ സാധ്യതയുണ്ടെന്ന പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ

ജീവനോപാധികൾ നിശ്ചലമാകാതിരിക്കാനാണ് നിയന്ത്രണങ്ങളോടെ ഇളവുകൾ നൽകാൻ തീരുമാനിച്ചത്. ജനങ്ങളുടെ ജീവനും ജീവനോപാധിയും മുന്നിൽ കണ്ടുകൊണ്ടും മൂന്നാം തരംഗമുണ്ടാവുകയാണെങ്കിൽ നേരിടുന്നതിനുമുള്ള പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായ നിയന്ത്രണങ്ങളാണ് സർക്കാർ നടപ്പിലാക്കുന്നത്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): അശാസ്ത്രീയമായ ലോക്ക്ഡൗൺ വ്യവസ്ഥകൾക്കെതിരെ പ്രതിപക്ഷവും വ്യാപാരി വ്യവസായികളും ഐ.എം.എ.-യും പ്രതിഷേധിക്കുകയുണ്ടായി. ഒരു ഡോസ് വാക്സിൻ എടുത്തവരും, ഒരു മാസത്തിനുമുമ്പ് കോവിഡ് വന്ന് രോഗം ഭേദമായവരും, 72 മണിക്കൂറിനിടെ ആർ.ടി.പി.സി.ആർ.ടെസ്റ്റ് നടത്തി നെഗറ്റീവ് സർട്ടിഫിക്കറ്റുള്ളവരും മാത്രമേ കടകളിലും മറ്റ് സ്ഥാപനങ്ങളിലും പ്രവേശിക്കാവൂ എന്ന ഉത്തരവ് പുനഃപരിശോധിക്കാൻ സർക്കാർ തയ്യാറാകണം.

(പ്രമേയാവതാരകന് പ്രസംഗം പൂർത്തീകരിക്കാൻ സമയം നൽകാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ എഴുന്നേറ്റ് ബഹളം വയ്ക്കുകയും അല്പസമയത്തിനകം അവരവരുടെ ഇരിപ്പിടങ്ങളിൽ ഉപവിഷ്ടരാകുകയും ചെയ്തു.)

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): കോവിഡ് വ്യാപനം തടയാൻ ജനങ്ങളുടെ സഹകരണത്തോടുകൂടി നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിനെതിരായ നിലപാടുകൾ സ്വീകരിക്കുന്നത് നിർഭാഗ്യകരമാണ്. ജനസാന്ദ്രത കൂടിയ കേരളത്തിൽ ലോക്ക്ഡൗൺ നിയന്ത്രണങ്ങൾ മാറ്റിയാലും ലഘൂകരിച്ച ചില നിയന്ത്രണങ്ങൾ ആവശ്യമാണ്. ജനങ്ങളുടെ ജീവനും ജീവനോപാധിക്കുമുള്ള സംരക്ഷണത്തിന് പ്രഥമ പരിഗണന നൽകി മാത്രമേ കോവിഡ് നിയന്ത്രണങ്ങളിൽ ഇളവ് വരുത്താൻ പാടുള്ളൂവെന്ന് സുപ്രീം കോടതി വ്യക്തമാക്കിയിട്ടുണ്ട്. കൃത്യമായ അവലോകനങ്ങളിലൂടെയും വിലയിരുത്തലുകളിലൂടെയുമാണ് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. ഒരു മാസത്തിനുള്ളിൽ എല്ലാവർക്കും ആദ്യ ഡോസ് വാക്സിൻ നൽകുന്നതിനായി മരുന്ന് ലഭ്യമാക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങളോട് സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. ഡി. സതീശൻ, പി ജെ. ജോസഫ്, ഡോ. എം. കെ. മുനീർ എന്നീ പ്രതിപക്ഷ

കക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്നും പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## III. ശ്രദ്ധക്ഷണിക്കൽ

(1) കിഫ്ബി വഴി നടപ്പാക്കുന്ന റോഡ് പദ്ധതികളിലെ തടസ്സങ്ങൾ

ശ്രീ. കെ. ബി. ഗണേഷ് കുമാർ: കിഫ്ബി പദ്ധതികൾ നടപ്പാക്കുന്നതിൽ നേരിടുന്ന കാലതാമസം ഒഴിവാക്കുന്നതിനും കൺസൾട്ടൻസികളെ ഒഴിവാക്കിയും സർവ്വേയർമാരെ നിയമിച്ചും അനുവദിച്ച റോഡുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനും എം.എൽ.എ.-മാർക്ക് പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട പരാതികളുന്നയിച്ച് പരിഹാരം ലഭിക്കുന്നതിനുള്ള സംവിധാനമേർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): പൊതുമരാമത്ത് വകുപ്പിലെ പല പ്രവൃത്തികളും കിഫ്ബി ഫണ്ടുപയോഗിച്ചാണ് പൂർത്തിയാക്കുന്നത്. 419 റോഡുകളും 125 പാലങ്ങളുമുൾപ്പെടെ 22,859 കോടി രൂപയുടെ പൊതുമരാമത്ത് പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതിയുടെ

ഗുണനിലവാരം ഉറപ്പാക്കുന്നതിനാണ് കിഫ്ബി ചില നിബന്ധനകൾ പുറപ്പെടുവിച്ചിട്ടുള്ളത്. റോഡ് വികസനത്തിന് ചില സ്ഥലങ്ങളിൽ ഭൂമി വിട്ടുകിട്ടാത്ത പ്രശ്നമുണ്ടെങ്കിലും നിലവിലെ മാനദണ്ഡങ്ങളിൽ മാറ്റം വരുത്താൻ സാധിക്കില്ല. പാലങ്ങളുടെ ടെണ്ടറുകൾ ക്ലബ് ചെയ്ത് അനുമതിക്കായി സമർപ്പിക്കാനും പി.ഡബ്ല്യു.ഡി. ഭൂമിയുടെ അതിരുകൾ സർവ്വേ നടത്തി തിട്ടപ്പെടുത്താനും ധാരണയായിട്ടുണ്ട്. ഗുണനിലവാരമില്ലാത്തതിന്റെ പേരിൽ നിർത്തിവച്ച പ്രവൃത്തികൾ ന്യൂനത പരിഹരിച്ച് പുനരാരംഭിക്കാനും കിഫ്ബി പ്രവൃത്തികൾ കാര്യക്ഷമമാക്കാൻ കൂടുതൽ എഞ്ചിനീയർമാരെ കെ.ആർ.എഫ്.ബി.-യിൽ നിയമിക്കാനും ടെക്നിക്കൽ സപ്പോർട്ട് ടീമായി കെ.എച്ച്.ആർ.ഐ., പി.ഡബ്ല്യു.ഡി. ഡിസൈൻ വിംഗ് എന്നിവരെ ഉപയോഗിക്കാനും തീരുമാനിച്ചിട്ടുണ്ട്. കിഫ്ബി പദ്ധതികളിൽ വിവിധ നൂതന സാങ്കേതികവിദ്യകൾ ഉപയോഗിക്കാൻ ആറംഗ അഡ്വൈസറി കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. പി.ഡബ്ല്യു.ഡി.-കിഫ്ബി കമ്മ്യൂണിക്കേഷൻ ശക്തിപ്പെടുത്താനും മാസത്തിലൊരിക്കൽ യോഗം ചേർന്ന് പദ്ധതികൾ വിലയിരുത്താനും തീരുമാനിച്ചിട്ടുണ്ട്.

## (2) കനാൽ നവീകരണ പുനരധിവാസ പ്രവർത്തനങ്ങൾ

ശ്രീ. ടി. ജെ. വിനോദ്: കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് നിർവ്വഹണ ഏജൻസിയായി നടപ്പാക്കുന്ന ഇന്റഗ്രേറ്റഡ് അർബൻ റീജനറേഷൻ ആന്റ് വാട്ടർ ട്രാൻസ്പോർട്ട് സിസ്റ്റം പ്രോജക്ട് കൊച്ചി നഗരത്തിലെ കോന്തുരുത്തി, ചിലവന്നൂർ, ഇടപ്പള്ളി തുടങ്ങി ആറ് കനാലുകളുടെ വീതിയും ആഴവും വർദ്ധിപ്പിക്കുന്ന പദ്ധതിയാണ്. ടി പദ്ധതി നടപ്പാക്കുമ്പോൾ ഭൂമിയും വീടും നഷ്ടപ്പെടുന്നവർക്ക് പുനരധിവാസ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും കോന്തുരുത്തി കനാൽ അതിലുൾപ്പെട്ടിട്ടില്ല. ടി കനാലിന്റെ വശങ്ങളിൽ താമസിക്കുന്നവർക്കുകൂടി പുനരധിവാസം ഉറപ്പാക്കണം. ഇക്കാര്യത്തിൽ അടിയന്തര ശ്രദ്ധയുണ്ടാകണം.

മുഖ്യമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): കോന്തുരുത്തി, ചിലവന്നൂർ, ഇടപ്പള്ളി, തേവര, തേവര-പേരണ്ടൂർ, മാർക്കറ്റ് കനാൽ എന്നീ ആറ് കനാലുകൾ നവീകരിച്ച് ജലഗതാഗത യോഗ്യമാക്കുന്നതിന് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് നിർവ്വഹണ ഏജൻസിയായി പ്രവർത്തിക്കുന്ന ഇന്റഗ്രേറ്റഡ് അർബൻ റീജനറേഷൻ ആന്റ് വാട്ടർ ട്രാൻസ്പോർട്ട് സിസ്റ്റം എന്ന പ്രോജക്ടിന് അനുമതി നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കലിനും

പുനരധിവാസത്തിനായുള്ള അപ്പാർട്ടുമെന്റുകൾ നിർമ്മിക്കാനുമുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരികയാണ്. കോന്തുരുത്തി കനാലുമായി ബന്ധപ്പെട്ട് പുനരധിവസിപ്പിക്കേണ്ട 178 കുടുംബങ്ങളെ സംബന്ധിച്ചുള്ള റിപ്പോർട്ട് ഭവനം ഫൗണ്ടേഷന് നൽകാനും എസ്റ്റിമേറ്റ് തയ്യാറാക്കി തുടർ നടപടികൾ സ്വീകരിക്കാനും തീരുമാനിച്ചിട്ടുണ്ട്. ടി കനാലിന്റെ യഥാർത്ഥ വീതി നിശ്ചയിച്ച് കയ്യേറ്റം, ഒഴിപ്പിക്കൽ, പുനരധിവാസം എന്നിവ പൂർത്തിയാക്കി നിർവ്വഹണ ഏജൻസിക്ക് സ്ഥലം കൈമാറുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. ഒഴിപ്പിക്കപ്പെടുന്നവർക്ക് താൽക്കാലിക താമസമൊരുക്കുന്നതിനായി കൊച്ചി കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## IV. സബ്മിഷൻ

### 1. JNTBGRI ഉപകേന്ദ്രത്തിന്റെ പ്രവർത്തനം

ശ്രീ. വി. ആർ. സുനിൽ കുമാർ: ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ കുഴൂർ ഉപകേന്ദ്രത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): കൈതച്ചെടികളുടെ വൻതോതിലുള്ള ഉൽപാദനവും ഹരിത വ്യവസായത്തിനാവശ്യമായ കാർഷിക വിളകളും അലങ്കാര ചെടികളുടെ ഉൽപാദനവും ലക്ഷ്യമിട്ട് കുഴൂർ ആരംഭിച്ച ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഉപകേന്ദ്രത്തിലെ ലബോറട്ടറിയിൽ വാഴ, കൈത, അലങ്കാര സസ്യങ്ങൾ എന്നിവ ഉൽപാദിപ്പിച്ച് വിപണനം നടത്തുന്നുണ്ട്. നിലവിലെ പ്രതികൂല സാഹചര്യങ്ങൾ മാറുന്ന മുറയ്ക്ക് ഉപകേന്ദ്രത്തിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താൻ കഴിയുന്നതാണ്.

## 2. ഭവന വായ്പാ കുടിശ്ശിക

ശ്രീമതി യു. പ്രതിഭ: കായംകുളം നഗരസഭ എൻ.എസ്.ഡി.പി. പദ്ധതി പ്രകാരം 640 ഗുണഭോക്താക്കൾക്ക് വീട് നിർമ്മിക്കുന്നതിനായി കെ.യു.ആർ.ഡി.എഫ്.സി.-യിൽ നിന്നുമെടുത്തിട്ടുള്ള ഭവനവായ്പകളുടെ കുടിശ്ശിക എഴുതിത്തള്ളുന്നതിനും ഗുണഭോക്താക്കൾ ഈടായി നൽകിയിരിക്കുന്ന ആധാരങ്ങൾ തിരികെ നൽകുന്നതിനും നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): നഗരങ്ങളിലെ ചേരിനിവാസികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന ദേശീയ ചേരി വികസന പദ്ധതി പ്രകാരം ഭവനപുനരധിവാസത്തിന് കായംകുളം നഗരസഭയിലെ ഗുണഭോക്താക്കൾക്ക് നൽകിയ ഭവന വായ്പാ കുടിശ്ശിക എഴുതിത്തള്ളുന്നത് സംബന്ധിച്ച് നഗരസഭയിൽനിന്നും പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് തീരുമാനമെടുക്കുന്നതാണ്.

## 3. ജനറൽ ആശുപത്രിയുടെ വികസനം

ശ്രീ. വി. കെ. പ്രശാന്ത്: തിരുവനന്തപുരം ജനറൽ ആശുപത്രി പരിസരത്ത് മെഡിക്കൽ കോളേജിനായി നിർമ്മിച്ചതും ഇപ്പോൾ ഉപയോഗശൂന്യമായി കിടക്കുന്നതുമായ കെട്ടിടത്തിന്റെ മൂന്ന് നിലകൾ പാരാമെഡിക്കൽ കോഴ്സുകൾ ആരംഭിക്കുന്നതിനായി വിട്ടുനൽകുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): തിരുവനന്തപുരം ജനറൽ ആശുപത്രിയുടെ സമഗ്ര വികസനത്തിനായി എസ്.പി.വി.-യായ വാപ്‌ക്കോസ് തയ്യാറാക്കിയ വിശദ പദ്ധതി രേഖയുടെ അടിസ്ഥാനത്തിൽ കിഫ്ബി ഫണ്ടിന്റെ സഹായത്തോടെ

നാല് നിലകളിലായി അനുബന്ധ സൗകര്യങ്ങളോടെയുള്ള കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. രണ്ടാംഘട്ടത്തിൽ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെയും മൂന്നാം ഘട്ടത്തിൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെയും നിർമ്മാണമാണ് പദ്ധതി വിഭാവന ചെയ്തിട്ടുള്ളത്. ടി ആശുപത്രിയിൽ പാരാമെഡിക്കൽ കോഴ്സുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ലെങ്കിലും ആയത് പരിശോധിക്കാവുന്നതാണ്.

## 4. ആർ. ടി. ഓഫീസ് നിർമ്മാണം

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: പെരുമ്പാവൂർ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം അനുവദിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): എറണാകുളം ജില്ലയിലെ പെരുമ്പാവൂർ ആർ. ടി. ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി ജലവിഭവ വകുപ്പിന്റെ അധീനതയിലുള്ള പെരിയാർവാലി ഇറിഗേഷൻ പ്രോജക്ടിന്റെ കൈവശമുള്ള പെരുമ്പാവൂർ വില്ലേജിൽ സർവ്വേ നമ്പർ 6-ൽപ്പെട്ട ഒരു ഏക്കർ പത്ത് സെന്റ് സ്ഥലം സംസ്ഥാന മോട്ടോർ വകുപ്പിന് കൈമാറുന്നതിന് 2019-ൽ ജലവിഭവ വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നെങ്കിലും അനുകൂല തീരുമാനമുണ്ടാകാത്ത

സാഹചര്യത്തിൽ വീണ്ടും ആവശ്യപ്പെടുന്നതും സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പെരുമ്പാവൂർ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്ന കാര്യം പരിഗണിക്കുന്നതുമാണ്.

## V. റിപ്പോർട്ട് സമർപ്പണം

2021-ലെ കേരള ധനകാര്യ ബിൽ, 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ സമർപ്പിച്ചു.

## VI. അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(1) റിപ്പോർട്ട് പരിഗണന

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

(2) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ

(i) 2021-ലെ കേരള അന്ധവിശ്വാസ-അനാചാര നിർമ്മാർജ്ജന ബിൽ

ശ്രീ. കെ. ഡി. പ്രസേനൻ: 2021-ലെ കേരള അന്ധവിശ്വാസ-അനാചാര നിർമ്മാർജ്ജന ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: പ്രമേയത്തെ പിന്താങ്ങുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): നവോത്ഥാനമൂല്യങ്ങളെ സംരക്ഷിക്കുന്നതിനും സമൂഹത്തിൽ ശാസ്ത്രബോധവും യുക്തിബോധവും വളർത്തുന്നതിനും പ്രതിജ്ഞാബദ്ധമായ സർക്കാർ അന്ധവിശ്വാസങ്ങളുടെ പേരിലുള്ള ചൂഷണങ്ങളും അതിക്രമങ്ങളും നിയന്ത്രിക്കുന്നതിനായി ഒരു ബില്ലിന്റെ കരട് തയ്യാറാക്കിയിട്ടുണ്ട്. പൊതുജനങ്ങളിൽനിന്നും നിയമപരിഷ്കരണ കമ്മീഷനിൽനിന്നും അഭിപ്രായം ശേഖരിച്ചശേഷം നിയമനിർമ്മാണം നടത്താനുദ്ദേശിക്കുന്നതിനാൽ ബിൽ അംഗീകരിക്കുന്നില്ല.

ശ്രീ. കെ. ഡി. പ്രസേനൻ: മത-മതേതര വിശ്വാസികളെ സംരക്ഷിക്കുന്നതിനുവേണ്ടി ഭരണഘടനയെ അടിസ്ഥാനമാക്കിയാണ് ഈ ബിൽ തയ്യാറാക്കിയത്. അധികാര-സാമ്പത്തിക താല്പര്യങ്ങളാണ് അനാചാരങ്ങൾക്കടിസ്ഥാനം. ഉന്നതവിദ്യാഭ്യാസമുള്ളവർ പോലും അന്ധവിശ്വാസത്തിനും അനാചാരങ്ങൾക്കും അടിമകളായി മാറുകയാണ്. അന്ധവിശ്വാസത്തിന് മതവുമായി യാതൊരു ബന്ധവുമില്ല. ഈ ബിൽ തുടർ ചർച്ചയ്ക്ക് വിധേയമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

( ചർച്ച തുടരും)

## (ii) 2021-ലെ കേരള സംസ്ഥാന അക്ഷയ സംരംഭക ക്ഷേമനിധി ബോർഡ് രൂപീകരണ ബിൽ

ശ്രീ. എൻ. ഷംസുദ്ദീൻ: 2021-ലെ കേരള സംസ്ഥാന അക്ഷയ സംരംഭക ക്ഷേമനിധി ബോർഡ് രൂപീകരണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. ബഷീർ: പ്രമേയത്തെ പിന്താങ്ങുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): ഐ.ടി, ഐ.ടി. അനുബന്ധ മേഖലയിലെ ജീവനക്കാരെയും സംരംഭകരെയും കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ആക്ടിന്റെ പരിധിയിലുൾപ്പെടുത്തി പെൻഷനും മറ്റ് ധനസഹായങ്ങളും നൽകിവരുന്നു. അക്ഷയ കേന്ദ്രങ്ങൾ നടത്തുന്ന സംരംഭകർ ഇതിന്റെ പരിധിയിൽ വരുന്നതിനാൽ പ്രത്യേകമായി ഒരു ക്ഷേമനിധി ബോർഡ് രൂപീകരിക്കേണ്ട ആവശ്യമില്ല.

ശ്രീ. എൻ. ഷംസുദ്ദീൻ: വിവരസാങ്കേതിക മേഖലയിലെ സേവനങ്ങൾ ജനങ്ങൾക്ക് പരമാവധി എത്തിച്ചുനൽകുന്നതിൽ പ്രധാന പങ്കുവഹിക്കുന്ന അക്ഷയകേന്ദ്രങ്ങളുടെ സേവനത്തിന് ലഭിക്കുന്ന ഫീസ് മാത്രമാണ് അവരുടെ വരുമാനം. ധാരാളം സ്ത്രീ സംരംഭകരുള്ള ഈ തൊഴിൽമേഖല

ശക്തിപ്പെടുത്തുന്നതിനായി പുതിയ ക്ഷേമനിധി ബോർഡ് ആവശ്യമാണ്. സംരംഭകരിൽനിന്ന് ഒരു വിഹിതവും അതേ വിഹിതം സർക്കാരും അടയ്ക്കുന്ന ക്ഷേമനിധി രൂപീകരിക്കുകയും ക്ഷേമനിധിയിലെ അംഗങ്ങൾക്ക് 60 വയസ്സിനുശേഷം പെൻഷൻ ലഭ്യമാക്കുന്നതിനും ആവശ്യമാകുന്ന ഘട്ടങ്ങളിൽ പലിശരഹിത വായ്പ നൽകുന്നതിനും മെഡിക്കൽ ഇൻഷ്വറൻസ് സംവിധാനം ഏർപ്പെടുത്തുന്നതിനും ജില്ലാടിസ്ഥാനത്തിൽ ഉപസമിതി രൂപീകരിക്കുന്നതിനും നടപടി സ്വീകരിക്കണം. അക്ഷയ സംരംഭകർക്ക് ഗ്രാന്റ് നൽകുകയും അവരെ സർക്കാർ ജീവനക്കാരായി പരിഗണിക്കുകയും ചെയ്യണം.

(ചർച്ച തുടരും)

(iii) 2021-ലെ കേരള ഉച്ചഭാഷിണി വെളിച്ച സംവിധാന തൊഴിലാളി ക്ഷേമനിധി ബിൽ

ശ്രീ. ടി. ജെ. വിനോദ്: 2021-ലെ കേരള ഉച്ചഭാഷിണി വെളിച്ച സംവിധാന തൊഴിലാളി ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. പി. ടി. തോമസ്: പ്രമേയത്തെ പിന്താങ്ങുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ):

വെളിച്ചം, ഉച്ചഭാഷിണി, പന്തൽ എന്നിവ സംബന്ധിച്ച് സേവനം നൽകുന്ന സ്ഥാപനങ്ങളെ 1960-ലെ കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ആക്ടിന്റെ പരിധിയിൽ ഉൾപ്പെടുത്തി ആനുകൂല്യങ്ങൾ നൽകുന്നതിനാൽ ഇത്തരമൊരു ബില്ലിന് അവതരണാനുമതി നൽകേണ്ടതില്ല.

ശ്രീ. ടി. ജെ. വിനോദ്: കോവിഡ് പശ്ചാത്തലത്തിൽ സംസ്ഥാനത്തെ ഉച്ചഭാഷിണി-വെളിച്ച സംവിധാന തൊഴിലാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി ക്ഷേമനിധി രൂപീകരിക്കുന്നതിനും ആനുകൂല്യം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം. ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് 5000 രൂപ അടിയന്തര ധനസഹായം അനുവദിക്കുകയും പ്രസ്തുത വിഷയം ചർച്ചയ്ക്ക് വിധേയമാക്കുകയും വേണം.

(ചർച്ച തുടരും)

(iv) 2021- ലെ കേരള മിശ്രവിവാഹിത കുടുംബ സംരക്ഷണ ബിൽ

ശ്രീ. എം. രാജഗോപാലൻ: 2021- ലെ കേരള മിശ്രവിവാഹിത കുടുംബ സംരക്ഷണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. മുരളി പെരുനെല്ലി: പ്രമേയത്തെ പിന്താങ്ങുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): മിശ്രവിവാഹിതരുടെ ഭരണഘടനാപരവും നിയമപരവുമായ അവകാശങ്ങൾ നിലവിലുള്ള സംവിധാനങ്ങളിലൂടെ സംരക്ഷിക്കപ്പെടുന്നുണ്ട്. മിശ്രവിവാഹിതർക്ക് സാമൂഹ്യനീതി വകുപ്പിന്റെയും പട്ടികജാതി പട്ടികവർഗ്ഗക്ഷേമ വകുപ്പിന്റെയും ആഭിമുഖ്യത്തിൽ നിരവധി പദ്ധതികളിലൂടെ മികച്ച ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്. ആയതിനാൽ നിർദ്ദിഷ്ട ബിൽ പരിഗണിക്കേണ്ടതില്ല.

ശ്രീ. എം. രാജഗോപാലൻ: ഈ മേഖലയിൽ സർക്കാർ വിഭാവന ചെയ്യുന്ന പദ്ധതികളും പ്രഖ്യാപനങ്ങളും സമയബന്ധിതമായി പ്രയോഗവൽക്കരിക്കാനും ആനുകൂല്യങ്ങൾ ഉറപ്പുവരുത്താനും സഹായകരമായ ബില്ലാണിത്. വിവിധ വിഭാഗങ്ങളാൽ അവഗണിക്കപ്പെട്ട് മാനസിക സംഘർഷത്തിനടിമപ്പെടാൻ സാധ്യതയുള്ള മിശ്രവിവാഹിതർക്ക് പ്രഖ്യാപിക്കപ്പെടുന്ന ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള നിയമപരിരക്ഷ ഉറപ്പുവരുത്തേണ്ടത് അനിവാര്യമാണ്. കുടുംബ സംരക്ഷണ ബോർഡ് മുമ്പാകെ ലഭിക്കുന്ന അപേക്ഷകളിൽ നിയമോപദേശം നേടുന്നതിന് കൗൺസിലിന് അധികാരം ഉണ്ടായിരിക്കുമെന്ന് ബില്ലിൽ പരാമർശിച്ചിട്ടുണ്ട്.

(ചർച്ച തുടരും)

(v) 2021-ലെ സംസ്ഥാനത്തെ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ ഏകോപിപ്പിക്കുന്നതിനുള്ള അപ്പെക്സ് കൗൺസിൽ രൂപീകരണ ബിൽ

ശ്രീമതി ഒ. എസ്. അംബിക: 2021-ലെ സംസ്ഥാനത്തെ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ ഏകോപിപ്പിക്കുന്നതിനുള്ള അപ്പെക്സ് കൗൺസിൽ രൂപീകരണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീമതി യു. പ്രതിഭ: പ്രമേയത്തെ പിന്താങ്ങുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): വിനോദസഞ്ചാര സാധ്യതകൾ പ്രയോജനപ്പെടുത്താനും പ്രാദേശിക തലത്തിൽ ഏകോപനം നടത്താനും ലക്ഷ്യമിട്ടാണ് കളക്ടർമാരുടെ അദ്ധ്യക്ഷതയിൽ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ രൂപീകരിച്ച് പ്രവർത്തിക്കുന്നത്. ഇവിടത്തെ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ ഏകീകരിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. ബില്ലിൽ നിർദ്ദേശിക്കപ്പെട്ട രീതിയിലുള്ള അപ്പെക്സ് ഘടന ഡി.ടി.പി.സി.-കൾ പിന്തുടരുന്ന സാഹചര്യത്തിൽ ബില്ലിന് അവതരണാനുമതി നൽകേണ്ടതില്ല.

ശ്രീമതി ഒ. എസ്. അംബിക: മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തുന്ന ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളിലെ ജീവനക്കാരുടെ

സേവന-വേതന വ്യവസ്ഥകൾ കാലോചിതമായി പരിഷ്കരിക്കണം. ടൂറിസം വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനും ഡി.ടി.പി.സി.-കളെ ഏകോപിപ്പിക്കുന്നതിനും ബഡ്ജറ്റിൽ തുക വകയിരുത്തണം.

(ചർച്ച തുടരും)

## (3) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങളുടെ തുടർചർച്ച

### (i) 2021-ലെ കേരള അതിഥി തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരണ ബിൽ

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സംഘടിത/അസംഘടിത മേഖലകളിലെ അതിഥി തൊഴിലാളികൾക്ക് ജോലിസ്ഥിരത ഉറപ്പാക്കുന്നതിനും ജീവിത സുരക്ഷയും സാമ്പത്തിക സഹായവും നൽകുന്നതിനും ചൂഷണം അവസാനിപ്പിക്കുന്നതിനുമായി അതിഥി തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരിക്കണം.

(ചർച്ച തുടരും)

### (ii) 2021-ലെ കേരള സംസ്ഥാന വാതിൽപ്പടി സേവനരംഗത്ത് ജോലി ചെയ്യുന്നവർക്കുള്ള ക്ഷേമനിധി ബിൽ

ശ്രീ. പി. എസ്. സുപാൽ: വാതിൽപ്പടി സേവനത്തിന് പ്രാധാന്യമേറുന്ന ഇന്നത്തെ സാഹചര്യത്തിൽ ക്ലേശകരവും അപകടകരവുമായ വിധത്തിലാണ് തൊഴിലാളികൾ ജോലി ചെയ്യുന്നത്.

തൊഴിലാളികളുടെ ജോലി സമയം നിശ്ചയിക്കുകയോ അധിക സമയ ജോലിക്ക് അർഹമായ വേതനം നൽകുകയോ ചെയ്യുന്നില്ല. വരുമാനം ഡെലിവറിയുടെ എണ്ണത്തിന് ആനുപാതികമായതിനാൽ വളരെ വേഗത്തിൽ യാത്ര ചെയ്യേണ്ട സാഹചര്യമുണ്ടാകുന്നത് അപകടകരമാണ്.

(ചർച്ച തുടരും)

## (iii) 2021-ലെ കേരള ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിനുള്ള അതോറിറ്റി രൂപീകരണ ബിൽ

ശ്രീ. പി. ടി. തോമസ്: ജലസ്രോതസ്സുകൾ മലിനമാക്കുന്നത് തടഞ്ഞ് ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുകയും ജലം സംസ്കരിക്കുന്ന രീതിയിൽ മാറ്റം വരുത്തുകയും വേണം. ആലുവ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിലെ ജലശുദ്ധീകരണത്തിന്റെ മേൽനോട്ട ചുമതല കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് & ടെക്നോളജിയിലെ എൻവയോൺമെന്റ് സ്റ്റഡീസ് വിഭാഗത്തെ ഏൽപ്പിക്കണം.

( ചർച്ച തുടരും)

സഭ ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.

******